ശ്രീ. ഈ. പി. പൗലോസ് : ഡിസീസ് ഫ്രീ ഏരിയായിൽ നിന്നും കളക്റേറ്റ് പാകിയാണ നഴ്സറികളിൽ നിന്നാം കൊടുക്കുന്നത്.

ശ്രീ. പി. ചാക്കോ : സ്പ്രേയിംഗ് നടത്തുന്നത് ഫ്രീയാണെന്ന പറഞ്ഞു. പുളിക്കീഴ് ബ്ലോക്കിൽ ഒരു തെങ്ങിനു ഒരണ ചാർജ് ചെയ്യുന്ന എന്ന മനസിലാക്കിയിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അറിവില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: വിദേശവിദഗ്ദ്ധന്മാർ കേരളം സന്ദർശിച്ച പ്പോഴ ഇവിടെയുള്ള തെങ്ങുകയം ഭൂരിഭാഗവും മദ്ധ്യവയസ് കഴിഞ്ഞതാണെന്നും അതുകൊണ്ട് അടിയന്തിരമായി റീ പ്ലാന്റേഷൻ നടത്തണമെന്നും പറഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : റബ്ബർ റീ പ്ലാന്റേഷനു സബ്സിഡി കൊടുക്കുന്നതുപോലെ, തെങ്ങിനും സബ്സിഡി കൊടുക്കുന്നതിനുള്ള ഒരു സ്കീമിനെപ്പറ്റി സെൻട്രൽ ഗവണ്മെൻറുമായി ആലോചിച്ചിട്ടുണ്ട്. അതിന്റെ അവസാന തീരുമാനമായിട്ടില്ല.

അടിയന്തിരാവസ്ഥയുടെ പേരിൽ ആരംഭിക്കാത്ത മരാമത്തു ജോലികൾ.

* 542.]6] ശ്രീ. എൻ. മോസ്സുരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും എന്നാൽ ആരംഭിക്കാത്തതുമായ ജോലികൾ അടിയന്തിരാവസ്ഥയുടെ പേരിൽ നിത്തിവച്ചുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ടോ ;

(ബി) ഇപ്രകാരം ഉത്തരവുണ്ടായിട്ടുണ്ടെങ്കിൽ ഇതിനു വിപരീതമായി എന്തെങ്കിലും ജോലികൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്തു കാരണത്താലാണു് ;

(ഡി) ചങ്ങനാശ്ശേരി ചാത്തവട്ടം മതുമൂല റോഡിൽ ടാറിംഗ് പണി എന്തുകൊണ്ടാണു് ആരംഭിക്കാത്തതു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഉണ്ടു്.

(ബി) പ്രത്യേക അനുവാദം നൽകിയതനുസരിച്ചു് ചില ജോലികൾ നടത്തിയിട്ടുണ്ടു്. ഇതു് മേൽപ്പറഞ്ഞ ഉത്തരവിനു വിപരീതമായിട്ടല്ല.

(സി) പ്രസ്തുത ജോലികൾ വളരെ അത്യാവശ്യവും അടിയന്തിരവുമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടു്.

(ഡി) ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ശ്രീ. എൻ. മോസ്സുരൻനായർ : 61–62 വർഷത്തിൽ കോട്ടയം ഡിസ്ട്രിക്റ്റിൽ പ്രയാറിട്ടി നമ്പർ ഒന്നായിരുന്നതും തുടർച്ചയായി എല്ലാ വർഷവും ബഡ്ജറ്റിൽകൊള്ളിച്ചിട്ടുള്ളതുമായ ചാത്തവട്ടം മതുമൂല റോഡിന്റെ പണിക്കു മുനിസിപ്പാലിറ്റി കോൺടിബ്യൂഷൻ കൊടുത്തിട്ടും അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ കൊടുക്കാതിരിക്കുന്നതു് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : അതിനാവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. മുനിസിപ്പാലിറ്റി കാൺടിബ്യൂഷൻ ഡിപ്പോസിറ്റ് ചെയ്യുന്നതിനു കുറച്ചുതാമസമുണ്ടായി. അവർ ഡിപ്പോസിറ്റ് ചെയ്തു കഴിഞ്ഞു. വർക്ക് ആരംഭിക്കുന്നതിനുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുകയാണ്. മുനിസിപ്പാലിറ്റികളും കോൺടിബ്യൂഷൻ കൊടുത്തുകൊണ്ടിരിക്കുന്ന വർക്കുകളും നിറുത്തിവയ്ക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല.

ശ്രീ. ടി. കൃഷ്ണൻ : മൺറോത്തുരുത്തിൽ ഒരു പാലം കെട്ടുന്നതിനു പണം കൊള്ളിച്ചിരുന്നുവെങ്കിലും അതു് അടിയന്തിരാവസ്ഥയെ പരിഗണിച്ചു് നിറുത്തിവച്ചു. അതു് ഈ കൊല്ലമെങ്കിലും കെട്ടുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു് പ്രത്യേകം ചോദിക്കണം.

ശ്രീ. എം. എ. ആൻറണി : പുതിയ വർക്കുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : കുറച്ചു തുപാ ബഡ്ജറ്റിൽ കൊള്ളിച്ചു് അത്യാവശ്യമായ ചില വർക്കുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: 1957–ലും 58–ലും 59ലുമെല്ലാം തുടങ്ങിയിട്ടുള്ള വർക്കുകൾ പൂർത്തിയാക്കാൻ ഒരു പൈപോലും ചെലവുചെയ്യാതെ, പുതിയ വർക്കുകൾ തുടങ്ങുന്നതിന്റെ അടിസ്ഥാനമെന്താണു് ? പടിയൂർ റോഡിന്റെ പണി 57–ൽ തുടങ്ങിയതാണു്. ഇപ്പോഴും മുഴുവൻ മണ്ണായി കിടക്കുകയാണു്; അത്തരം ജോലികൾ ചെയ്യാതെ പുതിയ വർക്കുകൾ എടുക്കുന്നതിന്റെ കാരണം എന്താണു് ?

ശ്രീ. പി. പി. ഉമ്മർകോയ : അതു് അടിയന്തിരാവസ്ഥ കാണുവന്ന കുഴപ്പമാണെന്നു തോന്നുന്നില്ല. മുമ്പുതുടങ്ങിയ ചില വർക്കുകൾ പല കാരണങ്ങളാലും പൂർത്തിയാകാൻ വിഷമമുണ്ടായിട്ടുണ്ട്. ആവശ്യമായ ഭൂമി കിട്ടുന്നതിലുള്ള കാലതാമസം കാരണം പ്രവൃത്തി പൂർത്തിയാക്കാൻ താമസം വരുന്നുണ്ട്. ഡി. ആർ. ഡി. സ്കീമിൽ ഉൾപ്പെടുത്തിയതിനു് സ്ഥലവാസികളിൽനിന്നും സ്ഥലം കിട്ടുന്നതിനു് താമസം വന്നിരിക്കും. അതല്ലെങ്കിൽ ഉദ്ദേശിച്ചതിലും കൂടുതൽ ചെലവു് വരുന്നതു കാരണം എസ്റ്റിമേറ്റു് റിവൈസു് ചെയ്യേണ്ടിവന്നിരിക്കും. അങ്ങനെയുള്ള വർക്കുകൾ വേണ്ടപോലെ മുമ്പോട്ടുപോയിട്ടില്ല. ഇപ്പോഴും 800 ഓളം വർക്കുകളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നുണ്ട്. പുതിയ വർക്കുകൾ എടുത്തിട്ടുള്ളതു് വളരെ അത്യാവശ്യവും അടിയന്തിരവുമായ വർക്കുകളാണെന്നു ഞാൻ നേരത്തെ പറഞ്ഞു.

Mr. Speaker : Question No. 7 has already been answered Question No. 8.

ഇറിഗേഷൻ പദ്ധതികൾ

* 543. [8] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ, കുറ്റ്യാടി, വളപട്ടണം, കാഞ്ഞിരപ്പുഴ, കല്ലട, ചിറ്റൂർ പുഴ, എന്നീ ഇറിഗേഷൻ പദ്ധതികൾക്കു് കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞോ ;

(ബി) മേൽപറഞ്ഞ പദ്ധതികൾ പൂർത്തിയാവുമ്പോൾ മൊത്തം എത്ര ഏക്കർ സ്ഥലത്തിനു് അതു പ്രയോജനപ്പെടും ;

(സി) മേൽപറഞ്ഞ പദ്ധതികൾക്കു് മൊത്തം എത്ര രൂപ ചെലവു വരും ?

LIBRARY ARCHIVES Kerala Legislative Assembly